LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ: പി. ജി. കോഴ്സിനെക്കുറിച്ച് പറഞ്ഞപ്പോൾ സുപ്രീംകോടതിയുടെ വിധിയുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. ഞാൻ അങ്ങയുടെ ഉത്തരവിനെ ബഹുമാനിക്കുന്നു. പക്ഷേ തൊട്ടടുത്തു കിടക്കുന്ന തമിഴ്നാട്ടിലും കർണ്ണാടകത്തിലും മഹാരാഷ്ട്രയിലും ഈ നിയമം ബാധകമല്ലേ? അവിടങ്ങളിൽ സർവ്വീസിലുള്ള ഡോക്ടർമാർക്ക് പി. ജി. കോഴ്സിന് കാട്ടയുണ്ട്. അവർ കൊടുക്കുന്നു. നിയമപരമായ കാര്യങ്ങൾ നിയമവിദഗ്ധരുമായി കൂടിയാലോചിച്ച്, പി. ജി.-ക്കുള്ള കോഴ്സ് പുനർ നിർണ്ണയിക്കുവാനാവശ്യമായ ക്രമീകരണങ്ങൾ അങ്ങ് ചെയ്യുമോ? അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കാട്ട നിലനിർത്താമെന്നാണ് ഗവൺമെന്റിന്റെ ഔദ്യോഗികമായ സ്റ്റാന്റ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. നിശ്ചയമായും ഗവൺമെന്റ് അത് പാലിക്കും.

III. സബ്മിഷൻ

(1) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കേരളത്തിലെ അര ലക്ഷത്തോളം വരുന്ന അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നീറുന്ന പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷനിലൂടെ ആഗ്രഹിക്കുന്നത്. അവർ നിരാശരും ഒപ്പം രോക്ഷാകുലരുമാണ്. കഴിഞ്ഞ നാലഞ്ച് മാസമായി, തുടർച്ചയായി ഈ ഗവൺമെന്റിന്റെ മുമ്പിൽ നിരവധി ആവശ്യങ്ങൾ അവർ നിരത്തിയെങ്കിലും അതിൽ ഒന്നുപോലും പരിഗണിക്കുന്നതിന് ഗവൺമെന്റ് തയ്യാറായില്ല. അവരുടെ മുറവിളി ഈ ഗവൺമെന്റ് കേൾക്കാൻ തയ്യാറായില്ല. അത് ഈ ഗവൺമെന്റിന്റെ ബധിര കർണ്ണങ്ങളിലാണ് പതിച്ചത്. അവർ അമ്മയാണ്, അധ്യാപികയാണ്, പരിചാരികയാണ് ഒപ്പം ഗവൺമെന്റിന്റേയും പഞ്ചായത്തിന്റേയും മുനിസിപ്പാലിറ്റിയുടെയുമെല്ലാം പ്രവൃത്തികൾ സേവനമനസ്ക്കരായി ചെയ്യുകയും വേണം. പക്ഷേ അവർക്ക് കിട്ടുന്ന കൂലിയോ? മിനിമം വേജസ്സെന്നു പറയാൻ പോലുമില്ല. വളരെ തുച്ഛമായിട്ടുള്ള കൂലിക്കാണ് അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യം അവർ ഉന്നയിച്ചു തുടങ്ങിയിട്ട് വർഷങ്ങളായി. അതുകൊണ്ട് എനിക്ക് വളരെ വിനീതമായി അഭ്യർത്ഥിക്കാനുള്ളത് അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് സർക്കാർ തയ്യാറാകണമെന്നുള്ളതാണ്. അവരെ അങ്ങനെ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ കാലതാമസം വരികയാണെങ്കിൽ, അല്പം കാലതാമസം എടുത്താൽപോലും വേണ്ടില്ല, അവരെ അംഗീകരിക്കണം. അംഗൻവാടി വർക്കർമാർക്ക് ഒരു ദിവസം 100 രൂപ വച്ച് 3000 രൂപയും ഹെൽപ്പർമാർക്ക് 2000 രൂപയുമാക്കി ഉയർത്തണം. അതിനാവശ്യമായ നടപടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് അവർ സെക്രട്ടേറിയറ്റ് വളഞ്ഞിരിക്കുകയാണ്. വളരെ ശക്തമായ രോക്ഷമാണ് അവരുടെ മനസ്സിലുള്ളത്. എപ്പോഴാണ് അത് പൊട്ടിത്തെറിക്കുക എന്നറിയില്ല. എല്ലാവരും സ്ത്രീകളാണ്. പുരുഷന്മാർ ഈ രംഗത്തേക്ക് കടന്നുവന്നിട്ടില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിക്കുകയും അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും ചെയ്യണം. 60 വയസ്സു കഴിഞ്ഞവരും ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. 60 വയസ്സു കഴിഞ്ഞാൽ അവർക്ക് ആവശ്യമായിട്ടുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും കൊടുത്തുകൊണ്ട്, അവരെ ആ ജോലിയിൽ നിന്നും വിരമിക്കാൻ അനുവദിക്കണം. അങ്ങനെയൊരു സമീപനമേ ഇപ്പോൾ സ്വീകരിക്കുന്നില്ല. 1979-ൽ തുടങ്ങിയ സ്കീമാണ്. അന്ന് ജോലിയിൽ പ്രവേശിച്ചവർ, ഇപ്പോഴും അതിൽത്തന്നെ തുടർന്നു കൊണ്ടിരിക്കുന്ന 60-ഉം, 70-ഉം വയസ്സു പ്രായമുള്ള നമ്മുടെ സഹോദരിമാർക്ക് ആവശ്യമായ ആനുകൂല്യങ്ങളും പെൻഷനും അനുവദിച്ച് അവരെ വിരമിക്കാൻ അനുവദിക്കണം. അങ്ങനെയൊരു തീരുമാനമുണ്ടാകണം. അടുത്ത കാലത്ത് കുറെപ്പേരെ ഇന്റർവ്യൂ നടത്തി നിയമിച്ചിട്ടുണ്ട്. പക്ഷേ എന്താണ് സംഭവിച്ചത് എന്നറിയാമോ? നാലും അഞ്ചും വർഷമായി ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ മുഴുവൻ പിരിച്ചുവിട്ട് പുതിയ ആളുകളെ കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. പയ്യന്നൂർ പ്രോജക്ടിൽ ഇന്റർവ്യൂ നടത്തി. പക്ഷേ നാലും അഞ്ചും വർഷക്കാലം ജോലി ചെയ്തവർക്ക് ഒരു പരിഗണന കൊടുക്കണ്ടേ? ജോലി ചെയ്യുന്ന ഇവരെ പിരിച്ചു വിട്ടാൽ എന്താണ് അവസ്ഥ? ഇന്റർവ്യൂവിനു വന്നു. പക്ഷേ അവർക്കാവശ്യമായ പരിഗണന കൊടുത്തില്ല. മുഴുവൻ ആളുകളും ജോലി കിട്ടാതെ വിഷമിക്കുകയാണ്. പയ്യന്നൂർ പ്രോജക്ടിൽ ഇപ്പോൾ പുതിയ ആളുകൾക്കും വരാൻ പറ്റുന്നില്ല, പഴയ ആളുകൾക്ക് ജോലി ചെയ്യാനും പറ്റുന്നില്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ തീരുമാനമെടുക്കണം, ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണം, അവർക്ക് റിട്ടെയർമെന്റ് ആനുകൂല്യങ്ങൾ കൊടുക്കണം. അതുപോലുള്ള മാനുഷിക പരിഗണന, കേരളത്തിലെ അര ലക്ഷത്തോളം വരുന്ന സഹോദരിമാർക്ക് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ ആവശ്യമായ സഹായം ചെയ്യണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞത് മുഴുവൻ ശരിയല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് രണ്ട് പ്രാവശ്യം അവരുടെ ശമ്പളത്തിൽ വർദ്ധനവ് വരുത്തി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്തവണത്തെ ബഡ്ജറ്റിൽ 100 രൂപ വീതം വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ അവർക്ക് മതിയായ ശമ്പളം ലഭിക്കുന്നു എന്നുള്ള ഒരു ധാരണ ഗവൺമെന്റിനില്ല. അവരുടെ ശമ്പള കാര്യങ്ങളിലും സേവന-വേതന വ്യവസ്ഥകളിലുമൊക്കെ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ചുമാത്രമേ ഒരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. മറ്റൊരു പ്രധാനപ്പെട്ട കാര്യം പയ്യന്നൂർ പ്രോജക്ടിനെ സംബന്ധിച്ചാണ്. അവിടെ താൽക്കാലികമായി ജോലി ചെയ്തിരുന്ന 11 പേരെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റിഷൻ കൊടുത്തിരുന്നു. ആ പെറ്റിഷൻ കോടതി പരിഗണിക്കുകയും ഒരു മാസത്തെ സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ മറ്റ്

പല ഐ.സി.ഡി.എസ്-കളുടെ കാര്യത്തിലും ഇതേപോലെ കോടതിയിൽ കേസുണ്ട്. കോടതിയുടെ അന്തിമ തീരുമാനം വന്നതിനുശേഷം മാത്രമേ ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുക്കുകയുള്ളു. ഇവരെ തൽക്കാലം പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല.

(2) വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലം സംജാതമായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം

10.00 A.M.] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതു കൊണ്ട് കണ്ണൂർ ജില്ലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നത്തിലേക്ക് ഞാൻ മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അവിടെയുള്ള തിരുവേപ്പതി മിൽ ഏതാണ്ട് അഞ്ഞൂറോളം തൊഴിലാളികൾ പണിയെടുക്കുന്ന ഒരു സ്ഥാപനമാണ്. ആ മിൽ പൂട്ടിയിട്ട് എട്ട് വർഷമായി. തൊഴിലാളികൾക്ക് ഒരു ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. അതുപോലെ വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ്. ഈ സ്ഥാപനം രണ്ട് വർഷത്തിലേറെയായി പൂട്ടിയിട്ട്. എഴുന്നൂറോളം തൊഴിലാളികൾ വർക്ക് ചെയ്യുന്നുണ്ടായിരുന്നു അവർക്കും ഒരാനുകൂല്യവും ലഭിച്ചിട്ടില്ല. നാനൂറോളം ആളുകൾ പണിയെടുത്തുകൊണ്ടിരുന്ന കേരളാ ഗാർമെന്റ്സിൽ ഇപ്പോൾ ഇരുപത് തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളു. അവിടെ 10 ലക്ഷം രൂപ കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ തന്നെ ഇതുവരെ കൊടുത്തിട്ടില്ല. പി.ജി. പ്ലൈവുഡ്സ് പൂട്ടി. അവിടെ ഇരുന്നൂറോളം ആളുകൾ പണിയെടുക്കുന്നു. അവർക്ക് ഒരു ആനുകൂല്യവും കിട്ടിയിട്ടില്ല. അതുപോലെ നൂറോളം ആളുകൾ പണിയെടുക്കുന്ന ഭാരത് പ്ലൈവുഡ്സ് പൂട്ടിയിട്ട് മൂന്ന് കൊല്ലമായി. പന്ത്രണ്ടോളം തീപ്പെട്ടി കമ്പനികൾ പൂർണ്ണമായി പൂട്ടി. ഇരുന്നൂറോളം തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്ന ഫൈബർ ഫോം-ൽ ഇപ്പോൾ 30 തൊഴിലാളികൾ മാത്രമാണുള്ളത്. ബീഡി വ്യവസായ രംഗത്ത് ദിനേശ് ബീഡി കമ്പനിയിൽ നാൽപ്പത്തിരണ്ടായിരത്തോളം തൊഴിലാളികളാണുള്ളത്. അതിപ്പോൾ പതിനായിരമായി ചുരുങ്ങി. മൊത്തത്തിൽ ബീഡി വ്യവസായ രംഗത്ത് ഇരുപതിനായിരത്തോളമാളുകളായി ചുരുങ്ങി. സാധു ബീഡി ഏറ്റവും പ്രധാനപ്പെട്ട ഒരു ബീഡി വ്യവസായമാണ്. അതിൽ 10,000 എന്നുള്ളത് ഇപ്പോൾ 600 പേരാണ് പണിയെടുക്കുന്നത്. 75,000-ത്തോളം ആളുകൾ പണിയെടുത്തിരുന്ന ഹാന്റ്ലൂം മേഖല പതിമൂന്നായിരത്തോളം ആളുകൾ പണിയെടുക്കുന്ന ഒരു മേഖലയായി ചുരുങ്ങിയിരിക്കുകയാണ്. എണ്ണായിരത്തോളമാളുകൾ പണിയെടുത്തിരുന്ന കയർ വ്യവസായ രംഗത്ത് കേവലം 300 പേർ മാത്രമാണ് ഇപ്പോൾ പണിയെടുക്കുന്നത്. പതിനായിരത്തോളമാളുകൾ പണിയെടുത്തുകൊണ്ടിരുന്ന മര വ്യവസായ രംഗത്ത് രണ്ടായിരം ആളുകളാണ് ഇപ്പോൾ പണിയെടുക്കുന്നത്. കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ പ്രതിസന്ധിയിലാണ്. എൻ.ടി.സി. മില്ലുകൾ പ്രതിസന്ധിയിലാണ്. ഇങ്ങനെ ഗുരുതരമായ വ്യവസായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന കണ്ണൂരിന്റെ പ്രശ്നം ഒരു പ്രത്യേക പ്രശ്നമായെടുത്ത്, തൊഴിൽ വകുപ്പുമന്ത്രിതന്നെ മുൻകൈയെടുത്ത് യൂണിയനുകളുടേയും രാഷ്ട്രീയ പ്രതിനിധികളുടേയും യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നം പരിഹരിക്കണമെന്നാണ് എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly